ആരോഗ്യവകുപ്പ് ഡയറക്ടറുടെ (i/c) നടപടിക്രമം തിരുവനന്തപുരം

വിഷയം:- ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് - ജീവനക്കാര്യം- ഓർത്തോപീഡിക് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.സുരേഷ് ലാൽ.എസ് - ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA-917/2024 നമ്പർ കേസിലെ 14/06/2024-ലെ വിധിന്യായം- ജോലി ക്രമീകരണ വ്യവസ്ഥയിലെ നിയമനം ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1 ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബൂണലിന്റെ 14/06/2024 ലെ OA-917/2024 നമ്പർ വിധിന്യായം

2 ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പിന്റെ 26-06-2023 ലെ സ.ഉ.(സാധാ) നം.1519/2023/H&FWD. നമ്പർ ഉത്തരവ്.

**<u>ഉത്തരവ് നം : DHS/9551/2023-EA1 തിയതി : 25-06-2024</u>**

2021 ലെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഓർത്തോപീഡിക്സ് വിഭാഗം ജൂനിയർ കൺസൾട്ടൻറായ ഡോ. സുരേഷ് ലാൽ.എസ്-നെ എറണാകുളം കരുവേലിപ്പടി ഗവൺമെൻറ് മഹാരാജാസ് താലൂക്ക് ആശുപത്രിയിലേക്ക് സ്ഥലംമാറ്റി ഉത്തരവായിരുന്നു. എന്നാൽ 90% മാനസികാസ്വാസ്ഥ്യമുള്ള സഹോദരന്റെ നിയമപരമായ സംരക്ഷകനായ ഡോ.സുരേഷ് ലാൽ എസ്.-നെ താമസസ്ഥലത്തിനടുത്തുള്ള ഏതെങ്കിലും സ്ഥാപനത്തിൽ accommodate ചെയ്യണമെന്ന ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 16.11.2022 ലെ OA-1092/2022 നമ്പർ വിധിന്യായത്തിലെ നിർദ്ദേശം അനുപാലിച്ചുകൊണ്ട് ഡോ.സുരേഷ് ലാൽ.എസ്.-നെ കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിൽ 19.12.2022 മുതൽ 6 മാസത്തേക്ക് ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ച നടപടിക്രമത്തിന്റെ തുടർച്ചയായി, കൊല്ലം ജില്ലയിൽ നിയമനം നൽകുന്നതിന് ജില്ലയിൽ ജൂനിയർ കൺസൾട്ടന്റ് ഓർത്തോപീഡിക് സർജറി വിഭാഗത്തിൽ ഒഴിവ് നിലവിലില്ലാത്തതിനാൽ,ടിയാനെ കൊട്ടാരക്കര താലൂക്കാസ്ഥാന

ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള ജോലി ക്രമീകരണം 19.06.2023 മുതൽ 1 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകിക്കൊണ്ടും, അപേക്ഷകന്റെ താമസസ്ഥലത്തിനടുത്തുള്ള ഏതെങ്കിലും സ്ഥാപനത്തിൽ തൊട്ടടുത്തുണ്ടാകുന്ന ഒഴിവിൽ മെഡിക്കൽ ഓഫീസർക്ക് നിയമനം നൽകേണ്ടതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും പരാമർശം (2) പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

പ്രസ്തുത നിയമനത്തിന്റെ കാലാവധി 18.06.2024 ൽ അവസാനിക്കുന്നതിനാൽ ജോലി ക്രമീകരണ വ്യവസ്ഥയിലെ നിയമന കാലാവധി ദീർഘിപ്പിച്ചു നൽകണമെന്നാവശ്യപ്പെട്ട് ഡോ.സുരേഷ് ലാൽ.എസ് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും 2024 ലെ പൊതുസ്ഥലമാറ്റത്തോടനുബന്ധിച്ച് ടിയാന് കൊല്ലം ജില്ലയിലെ താമസസ്ഥലത്തിനടുത്തുള്ള ഏതെങ്കിലും സ്റ്റേഷനിൽ സ്ഥലം മാറ്റം ലഭിക്കാനുള്ള സാദ്ധ്യത കണക്കിലെടുത്ത് ടി അപേക്ഷ പരിഗണിച്ചിരുന്നില്ല.

എന്നാൽ 2024 ലെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട നടപടികൾ പൂർ ത്തിയാകുന്നതുവരെ ഡോ.സുരേഷ് ലാൽ.എസ്- നെ ജോലിക്രമീകരണ വ്യവസ്ഥയിൽ കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിൽ തുടരാൻ അനുവദിക്കണമെന്ന് ടിയാൻ ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA-917/2024 നമ്പർ കേസിലെ 14/06/2024-ലെ വിധിന്യായത്തിൽ ബഹു:ട്രിബ്യൂണൽ ഉത്തരവായിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ 19.06.2024 മുതൽ 2004 ലെ പൊതു സ്ഥലമാറ്റവുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയാകുന്നത് വരെ ഡോ.സുരേഷ് ലാൽ.എസ്- നെ സർക്കാരിന്റെ സാധൂരണത്തിന് വിധേയമായി കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ തുടരാൻ അനുവദിച്ച് ഉത്തരവാകുന്നു.

Signed by
Nandakumar.k.v
Date: 25-06-2024 20:38:49

ആരോഗ്യവകുപ്പ് ഡയറക്ടർ (i/c)

സ്വീകർത്താവ്: ഡോ.സുരേഷ് ലാൽ.എസ്.,
ജൂനിയർ കൺസൾട്ടൻ്റ് (ഓർത്തോപീഡിക്സ്),
താലൂക്ക് ആസ്ഥാന ആശുപത്രി
കൊട്ടാരക്കര

പകർപ്പ് 1 അഡ്വക്കേറ്റ് ജനറൽ,തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അഡിഷണൽ ചീഫ് സെക്രട്ടറി,

2 ആരോഗ്യ കുടുംബക്ഷേമ (ഇ) വകുപ്പ്, തിരുവനന്തപുരം.(ആമുഖ കത്ത് സഹിതം)

3 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)

4 ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) കൊല്ലം / എറണാകുളം.